## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - 2009-10, 2010-11 ഖണ്ഡിക 2(11) ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാ.ധാ) നം.1904/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 24/06/2015

പരാമർശം:- 1) കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12/02/2014-ലെ 7398/13 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18/09/2014-ലെ L.F. 4049/PT2/14 നമ്പർ കത്ത്.
3) 17/06/2015-ലെ 74702/AB3/14/LSGD നമ്പർ സർക്കാർ കത്ത്

## ഉത്തരവ്

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിലെ 2006-07 വർഷത്തെ ഖണ്ഡിക 3(4) 2009-10, 2010-11 വർഷങ്ങളിലെ ഖണ്ഡിക 3(5) എന്നിവ പ്രകാരം യഥാക്രമം 82,500/- രൂപ, 74,100/-രൂപ, 1,18,434/-രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2006-07 വർഷത്തെ ഖണ്ഡിക 3(4), അതോടൊപ്പം 2009-10, 2010-11 വർഷങ്ങളിലെ ഖണ്ഡിക 3(5) പ്രകാരം യഥാക്രമം 82,500/- (എൺപത്തിരണ്ടായിരത്തി അഞ്ഞൂറ രൂപ മാത്രം)രൂപ, 1,18,434/-(ഒരു ലക്ഷത്തി പതിനെട്ടായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) രൂപയുടെ ചെലവ് സാധൂകരിക്കാവുന്നതാണെന്നും 2009-10, 2010-11 വർഷത്തെ 2(11) ഖണ്ഡികയിലെ ബാദ്ധ്യത ഒഴിവാക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ 2006-07 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(4), 2009-10, 2010-11 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം യഥാക്രമം 82,500/- (എൺപത്തിരണ്ടായിരത്തി അഞ്ഞൂറ രൂപ മാത്രം)രൂപ,

1,18,434/-(ഒരു ലക്ഷത്തി പതിനെട്ടായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം) രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ അറിയിക്കാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് പരാമർശം 3 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

2009-10, 2010-11 ഖണ്ഡിക 2(11) ബസ് സ്റ്റാന്റിലെ ഫീസ് പിരിക്കാത്തതിനാൽ ഉണ്ടായ നഷ്ടം 74,100/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയത് നിലനിൽക്കുന്നുണ്ട്. ബസ്സുകൾ സ്റ്റാന്റിൽ പ്രവേശിച്ചപ്പോൾ കുഴികൾ രൂപാന്തരപ്പെട്ടതിനാൽ ബസ്സുകൾ സ്റ്റാന്റിൽ കയറ്റാൻ സാധിച്ചില്ലെന്നും, ആയതിനാൽ, ഫീസ് പിരിക്കാൻ സാധിച്ചില്ലായെന്നും, സംഭവം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് അതീതമാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വരുമാനത്തിലാണ് 74,100/-രൂപയുടെ കുറവ് ഉണ്ടായിരിക്കുന്നത്. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചു പിടിക്കുന്നതിന് വഴിയില്ല. അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കാലതാമസമാണ് തുക നഷ്ടമാകുന്നതിനുള്ള കാരണമായി ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ മേലിൽ ഇത്തരത്തിലുള്ള മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിർദ്ദേശത്തോടൊപ്പം പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ 2009-10, 2010-11 വർഷത്തെ 2(11) ഖണ്ഡിക പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 74,100/- (എഴുപത്തിനാലായിരത്തി ഒരുനൂറ് രൂപാ മാത്രം) രൂപയുടെ ബാദ്ധ്യത ഒഴിവാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എ.പി. മുഹമ്മദ് ഹനീഷ്,
ഗവണ്മെന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ